# ദൈവമേ സ്തുതി



ദൈവം നമ്മോടുകൂടെ

## ദൈവം നമ്മോടുകൂടെ 1

# ദൈവമേ സ്തുതി

Inter-diocesan Commission for Catechesis
P.S.C., Pala - 686575

Daivam Nammotukoote 1

DAIVAME STHUTHI
(Catechetical Text)
Published by:
Inter-diocesan Commission for Catechesis
P.S.C., Pala 686 575
I st Published. Ist June 1989
3 rd Impression Ist May 1991
Copyright to the Publisher
Cover design &
Illustrations: Artist Mathews Orathel
Printed at: Deepanalam Printings, Pala
Price Rs. 4.50

## TEXT BOOK COMMITTEE

Fr. Xavier Kochuparampil, M.P.Sc
Fr. George Vaniyappurackal, B. Th.
Mr. V.J. Thomas Vellappilly B.Sc.B.Ed
Fr. Jose Chalassery, B.Th.
Mr. Jose Philip, B.Th.
Elamma Kaveekunnu
Dr. Mani Puthiyidom, L.S.S., S.T.D
(General Editor)
Mr. S. Kurian Vempeny, B.O.L
(Chief Editor)
Fr. James K. Zacharias
M.A.(ORC), MA.(Comm)
(Production Executive)
Dr. Joseph Maleparampil, S.T.D.
(Convener)

# ദൈവം നമ്മോടുകൂടെ

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്ക് ഒരു പുതിയ പാഠാവലി-"ദൈവം നമ്മോടുകൂടെ."

മതബോധനവും പാഠാവലികളുടെ രചനയും മുൻനിറുത്തി ചിന്തിക്കുമ്പോൾ രണ്ടു സുപ്രധാന ഉദ്ബോധനങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

ഈശോ ദൈവപുത്രനാണെന്ന വിശ്വാസത്തിലേക്കു സകലരേയും നയിക്കുക. ആ വിശ്വാസം പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക. അതുവഴി ക്രിസ്തുവിൻെറ മൗതികശരീരം പണിതുയർത്തുക. ഇതാണു മതബോധനം. (ജോൺ പോൾ മാർപ്പാപ്പാ, "മതബോധനം ഇന്ന്", നമ്പർ-1)

ആരാധനക്രമത്തിൻെറ അന്തരാർത്ഥത്തെക്കുറിച്ച് ആഴമായ അറിവു വിശ്വാസികൾക്കു ലഭ്യമാക്കിയേ മതിയാവൂ. വിശ്വാസികളുടെ പ്രത്യേക സാഹചര്യങ്ങളും ആവശ്യങ്ങളും കണക്കിലെടുത്ത് കൃത്യവും നിരന്തരവുമായ വിശ്വാസപരിശീലന പദ്ധതിയിലൂടെ വേണം ഇതു സാധിക്കേണ്ടത്. (കാർഡിനൽ സൈമൺ ഡി. ലൂർദ്ദുസ്വാമി, സീറോമലബാർ കുർബാനക്രമത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ, മെയ് 5, 1988).

ഈ രണ്ട് ഉദ്ബോധനങ്ങളും, റോമിൽനിന്നു പുറപ്പെടുവിച്ചിരിക്കുന്ന "ജനറൽ കാററക്കെററിക്കൽ ഡിറക്ടറി"യും ഈ ഗ്രന്ഥാവലിയുടെ രചനയിൽ ഞങ്ങൾക്കു മാർഗ്ഗദർശകമായിട്ടുണ്ട്. വിശുദ്ധഗ്രന്ഥത്തിൻെറയും അപ്പസ്തോലികസഭകളുടെ സമാദരണീയമായ പാരമ്പര്യങ്ങളുടെയും ആരാധനക്രമത്തിൻെറയും അടിസ്ഥാനത്തിൽ രൂപംകൊടുത്ത ക്രിസ്തു-കേന്ദ്രീകൃതമായ വിശ്വാസപരിശീലനം ഓരോ സഭയ്ക്കും ആവശ്യമാണ്. ഈ ആവശ്യം നിറവേററുന്നതിനുള്ള വിനീതശ്രമത്തിൻെറ ഫലമാണ് "ദൈവം നമ്മോടുകൂടെ".

ആധുനികവിദ്യാഭ്യാസ മന:ശാസ്ത്രത്തിൻെറയും അദ്ധ്യാപനകലയുടെയും ആത്മാംശം ഉൾക്കൊണ്ടുകൊണ്ട് ഈ ഗ്രന്ഥാവലി തയ്യാറാക്കുവാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. സൺഡേസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും ഈ പാഠപുസ്തകങ്ങളെ സ്വാഗതം ചെയ്യുമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു-ദൈവം നമ്മോടുകൂടെ.

ഡോ. ജോസഫ് മലേപ്പറമ്പിൽ
(കൺവീനർ, ടെക്സ്ററുബുക്ക് കമ്മിററി)





വെളിച്ചം ഇരുൾ

പകൽ രാത്രി

ഇരുണ്ടു വെളുത്തു

ദൈവം പറഞ്ഞു:


## വെളിച്ചം ഉണ്ടാകട്ടെ.

ഇരുൾ നീങ്ങി
വെളിച്ചം ഉണ്ടായി.

വെളിച്ചം പകൽ
ഇരുൾ രാത്രി

ദൈവം പറഞ്ഞു
കൂരിരുൾ മാറി
മണ്ണിലും മാനത്തും
വന്നു വെളിച്ചം
മാലാഖമാരേ
വന്നൊന്നു കാണൂ
മണ്ണിൽത്തെളിയുന്ന
വിണ്ണിൻ വെളിച്ചം.





ആകാശം ഭൂമി

കര കടൽ

കാടുകൾ മേടുകൾ

മരങ്ങൾ ചെടികൾ

പുഴകൾ പൂവനങ്ങൾ

ദൈവം പറഞ്ഞു:

ഉണ്ടാകട്ടെ



കര ഉണ്ടായി
കടൽ ഉണ്ടായി

ഉണ്ടാകട്ടെയെന്നു നല്ല ദൈവം
ഒന്നു പറഞ്ഞപ്പോൾ
കരയുണ്ടായി നദിയുണ്ടായി
കടലുണ്ടായി
മരങ്ങളിൽ കായ്കളുണ്ടായി
ചെടികളിൽ പൂക്കളുണ്ടായി
ഭൂമിയൊരു തോട്ടമായി
പൂന്തോട്ടമായി



## സൂര്യൻ

## ചന്ദ്രൻ

## നക്ഷത്രങ്ങൾ



ദൈവം പറഞ്ഞു:

ഉണ്ടാകട്ടെ

സൂര്യൻ ഉണ്ടായി.
പകൽ വെളിച്ചം പരന്നു.




ചന്ദ്രൻ ഉദിച്ചു.
നിലാവു തെളിഞ്ഞു.

നക്ഷത്രങ്ങൾ മിന്നി.
നീലവെളിച്ചം തൂകി.

സൂര്യനുദിച്ചു വെയിലു തെളിഞ്ഞു
കുളിരു മറഞ്ഞു
ചന്ദ്രനുദിച്ചു നിലാവു തെളിഞ്ഞു
നിഴലും വന്നു
നീലവെളിച്ചം മണ്ണിൽ തൂകാൻ
താരകൾ വന്നു
വെള്ളത്തിരയിൽ അമ്പിളിമാമൻ
തുള്ളിച്ചാടി.






ആന ആമ

കുതിര മുതല

കീരി കരിമീൻ

ചെമ്മരിയാട് ചെമ്മീൻ



| | | |
|---|---|---|
| മയിൽ | കുയിൽ | പ്രാവ് |
| പരുന്ത് | തത്ത | മാടത്ത |

## ഉണ്ടാകട്ടെ

ദൈവം പറഞ്ഞു.

വെള്ളത്തിൽ മീനുകളുണ്ടായി.

കരയിൽ ജന്തുക്കൾ ഉണ്ടായി.

പറവകൾ ഉണ്ടായി.



ആനകൾ കാടുകുലുക്കി-മദ
യാനകൾ ഓടി നടന്നു
മാനുകൾ തുള്ളിച്ചാടി നടന്നു
മയിലുകൾ നൃത്തം ചെയ്തു
കുയിലുകൾ തളിരുകൾ തിന്നു
പഞ്ചമരാഗം മൂളി
അന്നംകാണാക്കിളികൾ വന്നു
സുന്ദരഗാനം പാടി
അച്ഛൻ കൊമ്പത്ത്
അമ്മ വരമ്പത്ത്.



പുരുഷൻ　　സ്ത്രീ

ആദം　　ഹവ്വാ

ഏദേൻ　　തോട്ടം

മനുഷ്യൻ　　സൃഷ്ടി

ദൈവം മനുഷ്യനെ സൃഷ്ടിച്ചു.



ആദ്യമനുഷ്യൻ ആദം




ആദ്യത്തെ സ്ത്രീ ഹവ്വാ

ദൈവം ഏദേനിൽ ഒരു തോട്ടം ഉണ്ടാക്കി ആദത്തിനു കൊടുത്തു. ആദം തോട്ടം കണ്ടു.

## നല്ല തോട്ടം

പുള്ളിച്ചിറകുള്ള പൂമ്പാററ
മഞ്ഞയുടുപ്പിട്ട മാൻപേട
മാരിവിൽ ചുണ്ടുള്ള തത്തമ്മ
തുള്ളിക്കളിക്കുന്ന പൂത്തുമ്പി
കുളിരുതളിക്കുന്ന ചെറുകാററ്
തെളിനീരൊഴുകുന്ന തേനരുവി
എങ്ങും കാണുന്നു മയിലാട്ടം
ഏദേൻ നല്ലൊരു പൂന്തോട്ടം.



ദൈവം ദാനം

നാലു നദികൾ നടുവിൽ ഏദേൻ

ഏദേൻ തോട്ടം



തോട്ടത്തിൽ:

പൂമരങ്ങൾ പൂമ്പാററകൾ

പൂവല്ലികൾ പൈങ്കിളികൾ

ആടുകൾ കോഴികൾ

മാനുകൾ കുരുവികൾ

പുലികൾ കുയിലുകൾ


കാലികൾ മയിലുകൾ

നല്ല തോട്ടം

നാനാതരം പക്ഷികൾ

മൃഗങ്ങൾ മരങ്ങൾ ചെടികൾ

ആദം സന്തോഷിച്ചു.
എത്ര സുഖം! ഒന്നിനും കുറവില്ല.



ഏദേൻ തോട്ടം ദൈവത്തിൻ ദാനം
ആദത്തിൻ ജീവൻ ദൈവത്തിൻ ദാനം
ആദത്തെ നോക്കാൻ ദൈവമുണ്ട്
ആനന്ദമേകാൻ ദൈവമുണ്ട്
കൂട്ടിനു പോകാൻ തുണയുണ്ട്
പാട്ടിനു ചേരാൻ കുയിലുണ്ട്
ദൈവത്തെ കാണാനെപ്പോഴുമുണ്ട്
എല്ലാം കാണുന്ന ദൈവമുണ്ട്
ഏദേൻ തോട്ടത്തിൽ ദൈവമുണ്ട്
എല്ലായിടത്തും ദൈവമുണ്ട്.



സ്നേഹം ലോകം


മനുഷ്യൻ ജീവൻ

ദൈവം മനുഷ്യനെ സ്നേഹിച്ചു.
മനുഷ്യനെ സൃഷ്ടിച്ചു.

ദൈവത്തിന്റെ ജീവൻ കൊടുത്തു.
മനുഷ്യനു വേണ്ടി ലോകം സൃഷ്ടിച്ചു.

നല്ല ലോകം നല്ല ദൈവം.

മനുഷ്യനു ദൈവം എന്തെല്ലാം തന്നിരിക്കുന്നു!
സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ
മരങ്ങൾ ചെടികൾ കായ്കൾ
പക്ഷികൾ മൃഗങ്ങൾ.





സൂര്യനെ തീർത്തതു ദൈവം-നീല
ച്ചന്ദ്രനെ തീർത്തതും ദൈവം
പുഞ്ചപ്പാടങ്ങൾ തന്നതു ദൈവം
പൂഞ്ചോലകൾ തീർത്തതും ദൈവം
സ്നേഹിച്ചു ദൈവം ചെമ്മേ
സൃഷ്ടിച്ചു ദൈവം നമ്മെ.

# വീട്



അപ്പൻ അമ്മ മക്കൾ

ആൺമക്കൾ പെൺമക്കൾ

ആദ്യത്തെ വീട് ഏദേൻ

ആദ്യത്തെ അപ്പൻ ആദം

ആദ്യത്തെ അമ്മ ഹവ്വാ

നമ്മൾ മക്കൾ




ആദ്യത്തെ നമ്മുടെ നാടേത്?
ആദ്യത്തെ നമ്മുടെ വീടേത്?

ഏദേൻ നമ്മുടെ നാട്
ഏദേൻ നമ്മുടെ വീട്

ആദ്യത്തെ മാനുഷർ ആരാണ്?
ആദിപിതാക്കൾ ആരാണ്?

ആദ്യത്തെ മാനുഷൻ ആദം
ഏദേനിൽ ജീവിച്ച ആദം
ആദ്യത്തെ അമ്മ ഹവ്വാ
ഏദേനിൽ ജീവിച്ച ഹവ്വാ

നമ്മുടെയെല്ലാം ആദിപിതാക്കൾ
ആദവും ഹവ്വായുമാണല്ലോ.





# അഭ്യാസം-1

**ദൈവം പറഞ്ഞപ്പോൾ എന്തെല്ലാമുണ്ടായി?**
**വിട്ടിട്ടുള്ള അക്ഷരം ചേർത്തു പറയുക.**



ആ...ശം



ഭൂ...



സൂ...




...ക്ഷത്രങ്ങൾ






...രങ്ങൾ



മത്സ്യ...





പ...കൾ





മൃ...ങ്ങൾ





മ...ഷ്യർ

ഉണ്ടായതെല്ലാം

മനുഷ്യർക്കുവേണ്ടി

നമുക്കുവേണ്ടി.



പാട്ടുപാടാൻ വാ
കൂട്ടുകാരേ വാ
പൂക്കൾ കാണാൻ വാ
കഥകൾ കേൾക്കാൻ വാ-കുഞ്ഞി
ക്കഥകൾ കേൾക്കാൻ വാ

എൻെറ നാഥാ വാ
എൻെറ കൂടെ വാ
എൻെറ വീട്ടിൽ വാ
വാ വാ വാ

എൻെറ നാഥാ വാ
എൻെറ വീട്ടിൽ വാ
നിൻെറ നാമം ഞാൻ
നിത്യം പാടിടും.





ഉമ്മ  സമ്മാനം

വിശപ്പ്  ആഹാരം

രോഗം  മരുന്ന്

അപ്പൻ നമ്മളെ സ്‌നേഹിക്കുന്നു
അമ്മ സ്‌നേഹിക്കുന്നു.

സ്‌നേഹിക്കാൻ ദൈവം പഠിപ്പിച്ചു.
ദൈവം സ്‌നേഹമാകുന്നു.



**അമ്മ**

ഉമ്മ തരുന്നു
ചോറു തരുന്നു
പാലു തരുന്നു.

## അപ്പൻ

പണം തരുന്നു. ഉടുപ്പു തരുന്നു.
കുട തരുന്നു.




## ചേട്ടനും ചേച്ചിയും



പടം തരുന്നു
പമ്പരം തരുന്നു
കളിപ്പാട്ടങ്ങൾ തരുന്നു
കൂട്ടുകൂടുന്നു.

പാട്ടു പാടാൻ ചേച്ചിയുണ്ട്
കൂട്ടുകൂടാൻ ചേട്ടനുണ്ട്
ഉമ്മ നല്കാൻ അമ്മയുണ്ട്
വീടുപോററാൻ അപ്പനുണ്ട്
നല്ലവരെത്തന്ന ദൈവം
നന്മചെയ്യാൻ കൂടെയുണ്ട്.



ദൈവം ദാനം

മനുഷ്യൻ ജീവൻ

ജീവൻ ദൈവദാനം

ദൈവം തന്നു:

കണ്ണ്, കാത്, നാവ്, കൈ, കാല്



മാതാപിതാക്കൾ

ചേട്ടൻ, ചേച്ചി,

കൂട്ടുകാർ.

എല്ലാം ദൈവത്തിൻെറ ദാനം.



# എല്ലാം ദൈവം തന്നല്ലൊ

ദൈവം സൃഷ്ടിച്ചു-ലോകം
ദൈവം സൃഷ്ടിച്ചു
ദൈവം തന്നല്ലൊ-എല്ലാം
ദൈവം തന്നല്ലൊ!
സുന്ദരമാം ലോകം ഹാ!ഹാ!
സുന്ദരമീ ലോകം!
ദൈവമെനിക്കും ഈ-ഭൂവിൽ
പാർക്കാനിടമേകി
കാണ്മാൻ കണ്ണുകളും-കേൾപ്പാൻ
കാതുകളും തന്നു
പാട്ടുകൾ പാടാനായ്-പാടവ-
മുള്ളൊരു ചെറുനാവും
നന്മ വിളമ്പിടുവാൻ-കൈകൾ
കാലുകളോടാനായ്,
എല്ലാമറിയാനായ്-ബുദ്ധി
സ്നേഹിക്കാൻ കരളും,
എല്ലാം നല്കുന്നു-ദൈവം
എന്നെപ്പോററുന്നു.
എന്തൊരു സന്തോഷം!ഹാ!ഹാ!ഹാ!
എന്തൊരു സന്തോഷം!

# പാഠം 1

## അറിവിൻെറ വൃക്ഷം

| | |
|---|---|
| നന്മ | തിന്മ |
| അറിവ് | വൃക്ഷം |
| കല്പിച്ചു | അനുസരിച്ചു |



ഏദേൻതോട്ടത്തിന്റെ നടുവിൽ ഒരു മരം.
പേര്-അറിവിന്റെ വൃക്ഷം.
ദൈവം ആദത്തെ വിളിച്ചു.
ആ മരം കാട്ടിക്കൊടുത്തു.

അവനോടു കല്പിച്ചു:

ഈ വൃക്ഷത്തിലെ പഴങ്ങൾ
നീ തിന്നരുത്.
തിന്നാൽ നീ മരിക്കും.

ഏദേനിൽ ഒരു മരം
തളിർക്കുല ചൂടും മരം
നിറമുള്ള പഴങ്ങളാൽ നിറഞ്ഞ മരം

ആദമതു നോക്കി നില്ക്കെ
കൺകുളിർക്കെ കണ്ടുനില്ക്കെ
ദൈവം അവനോടു ചൊല്ലി,
കനിഞ്ഞു ചൊല്ലി:

നന്മതിന്മ വെളിവാക്കും
വൃക്ഷത്തിന്റെ ഫലം തിന്നാൽ
മരിക്കും നിങ്ങൾ നൂനം
മരിക്കും നിങ്ങൾ.

# പാഠം 2

## പഴം തിന്നു; പാപം വന്നു

ഒരു ദിവസം ഹവ്വാ കാഴ്ചകൾ കാണാൻ ഇറങ്ങി:
ഏദേൻ തോട്ടം ചുററിനടന്നു.

അതാ നില്ക്കുന്നു, അറിവിൻെറ വൃക്ഷം.

നിറയെ പച്ചിലകൾ, പൂത്ത ചില്ലകൾ,
ഏറെ പഴങ്ങൾ.

തേൻ കുടിക്കാൻ പൂമ്പാററകൾ
പഴം തിന്നാൻ പച്ചക്കിളികൾ.



ഹവ്വായ്ക്കു കൊതിതോന്നി.
അവൾ പഴം പറിച്ചു.
ഒരെണ്ണം തിന്നു.

ഒന്ന് ആദത്തിനുകൊടുത്തു. ആദവും തിന്നു.



അവർ ദൈവം പറഞ്ഞതു മറന്ന്
തെററു ചെയ്തു.
അവരെ ദൈവം ശിക്ഷിച്ചു. ഏദേനു പുറത്താക്കി.

രോഗം, വേദന, മരണം എന്നിവയെല്ലാം
അവർ ചെയ്ത തെററുമൂലം വന്നുകൂടി
അതിന്റെ പങ്കു നമുക്കും ഉണ്ട്.
നമ്മൾ ആദത്തിന്റെ മക്കളാണ്.

ഹവ്വാ തേങ്കനി തിന്നപ്പോൾ
ആദവുമാക്കനി തിന്നപ്പോൾ
ദൈവം വന്നു വിളച്ചല്ലോ
അവരുടെ കണ്ണു തുറന്നല്ലോ

ചെയ്തതു തെറെറന്നോർത്തപ്പോൾ
അവരുടെ ചങ്കു തകർന്നല്ലോ.
ഇരുവരുമൊപ്പം കണ്ണീർ വീഴ്ത്തി
ഏദേൻ വിട്ടു നടന്നല്ലോ.

# പാഠം 3-അഭ്യാസം

**ഉചിതമായ പദങ്ങൾ ചേർത്തു പറയുക്**

(പഠിപ്പിച്ചു, മകൻ, ദൈവം, സ്നേഹം, ഹവ്വാ, ഒന്ന്, വൃക്ഷം, ശിക്ഷിച്ചു, തെററ്)

ഞാൻ ദൈവത്തിൻെറ...........

ദൈവം സ്നേഹിക്കാൻ...........

ദൈവം...........ആകുന്നു

...........എന്നെ സ്നേഹിക്കുന്നു.

നന്മതിന്മകളുടെ ...........

ആദ്യം...........പഴം പറിച്ചുതിന്നു

...........ആദത്തിനും കൊടുത്തു

ആദിപിതാക്കൾ...........ചെയ്തു

അവരെ ദൈവം...........





എൻെറ...



എൻെറ...

എൻെറ...
എൻെറ...



എല്ലാവരേയും എൻെറ...എനിക്കു തന്നു.

# പാഠം 4

## ദൈവം കനിഞ്ഞു


ആദവും ഹവ്വായും വിലക്കപ്പെട്ട കനി തിന്നു.
അവർ പാപം ചെയ്തു.

അതോടെ,

ഏദെൻതോട്ടം, ദൈവസ്നേഹം, സൗഭാഗ്യം,
എല്ലാം നഷ്ടപ്പെട്ടു.
അവർ ഒന്നും ഇല്ലാത്തവരായി.

തിന്നാൻ കായ്കനികൾ ഇല്ല.
താമസിക്കാൻ ഏദെൻതോട്ടമില്ല.
ദൈവത്തെ സ്നേഹിക്കാൻ കഴിയുന്നില്ല.
അവർ ദുഃഖിച്ചു, കരഞ്ഞു.
വീണ്ടും കരഞ്ഞു, തോരാതെ കരഞ്ഞു.





ദൈവത്തിന് അവരോടു കരുണതോന്നി.
ദൈവം പറഞ്ഞു:

ഞാൻ നിങ്ങൾക്ക് ഒരു രക്ഷകനെ തരും.
അവൻ നിങ്ങളുടെ പാപങ്ങൾ മാററും.

ദൈവം വാഗ്ദാനം ചെയ്ത രക്ഷകനാണ്
ഈശോ.

ഈശോ നമ്മുടെ രക്ഷകൻ
ലോകരക്ഷകൻ

# പാഠം 5- അഭ്യാസം

വിട്ടുപോയിട്ടുള്ള പദം ചേർത്തു പൂരിപ്പിക്കുക



... പഴം പറിക്കുന്നു



... ... പഴം തിന്നുന്നു



... ... ദുഃഖിക്കുന്നു



... വിളിക്കുന്നു



... ... പണി ചെയ്യുന്നു

നമുക്കു പാടാം:

രോഗം വന്നാൽ മരണം വന്നാൽ
മായും നമ്മുടെ സന്തോഷം
ദുഃഖം വന്നാൽ വേദന വന്നാൽ
മറയും നമ്മുടെ സന്തോഷം
ദൈവത്തെ നാം സ്നേഹിച്ചെന്നാൽ
നിറയും നമ്മുടെ സന്തോഷം,

# പാഠം 6

## ഈശോ ദൈവത്തിൻെറ പുത്രൻ

എല്ലാ മനുഷ്യരും രക്ഷകനെ കാത്തിരുന്നു.
എല്ലാക്കാലവും രക്ഷകനെ കാത്തിരുന്നു.

**രക്ഷകാ വേഗം വരണമേ!**
**എല്ലാവരും പ്രാർത്ഥിച്ചു.**

ആണ്ടുകൾ അനേകം കടന്നുപോയി.
നസ്രസത്ത് ഒരു ഗ്രാമം.
അവിടെ നന്മനിറഞ്ഞ ഒരു കന്യക.
പേരു മറിയം
ഒരുനാൾ മറിയത്തിൻെറ പക്കലേക്ക്
ദൈവം ഒരു മാലാഖയെ അയച്ചു.
മാലാഖയുടെ പേരു ഗബ്രിയേൽ.

ഗബ്രിയേൽ മറിയത്തോടു പറഞ്ഞു:

**നന്മനിറഞ്ഞവളേ, സ്വസ്തി;**
**കർത്താവു നിന്നോടുകൂടെ.**
**നിനക്ക് ഒരു പുത്രൻ ഉണ്ടാകും**
**അവനു് ഈശോ എന്നു പേരിടണം.**



ഗബ്രിയേൽ തുടർന്നു പറഞ്ഞു:

**പരിശുദ്ധാത്മാവു വരും.**

**പിതാവായ ദൈവത്തിന്റെ ശക്തി**

**നിന്റെമേൽ ഉണ്ടാകും.**

**നിനക്കു പിറക്കുന്ന കുഞ്ഞ്**

**ദൈവത്തിന്റെ പുത്രനായിരിക്കും.**

മറിയം പറഞ്ഞു:

**ഇതാ കർത്താവിന്റെ ദാസി**

**അവിടത്തെ വചനംപോലെ**

**എന്നിൽ സംഭവിക്കട്ടെ.**

# പാഠം 7-അഭ്യാസം

ഉചിതമായ പദംചേർത്തു പൂരിപ്പിക്കുക



ഈശോയുടെ അമ്മ........



.... ഈശോയുടെ
വളർത്തുപിതാവ്



മറിയത്തിന്റെ അടുക്കൽ........

ഗബ്രിയേൽ പറഞ്ഞു:

നിനക്ക് ഒരു ........ ഉണ്ടാകും.

മറിയം ചോദിച്ചു:

ഇത് എങ്ങനെ ....?

ഗബ്രിയേൽ വീണ്ടും പറഞ്ഞു:

........ നിന്റെ മേൽ വരും

നിനക്കു പിറക്കുന്ന കുഞ്ഞ് ........

........ ആയിരിക്കും

മറിയം മാലാഖയോടു പറഞ്ഞു:

ഇതാ .. ..... ദാസി.

ഞാൻ പ്രാർത്ഥിക്കുന്നു:

രക്ഷകാ, വേഗം ........

താഴെപ്പറയുന്ന പേരുകൾ വായിക്കാനും എഴുതാനും പഠിക്കുക.

| | |
|---|---|
| നസ്രത്ത് | ഗ്രാമം |
| ഈശോ | രക്ഷകൻ |
| മറിയം | കന്യക |
| ഗബ്രിയേൽ | മാലാഖ |
| പിതാവ് | പുത്രൻ |

പരിശുദ്ധാത്മാവ്

| | |
|---|---|
| ശക്തി | സ്വസ്തി |

# പാഠം 8

## ഉണ്ണി പിറന്നു

കാലം തികഞ്ഞു.

ഈശോ പിറന്നു.
ഈശോ പിറന്നത് ഒരു കാലിത്തൊഴുത്തിൽ.

സ്ഥലം ബേത്ലഹം, നാടു യൂദയാ.
രാജ്യം പലസ്തീനാ.





ഈശോ ജനിച്ച കാര്യം ആദ്യം അറിഞ്ഞത്
ഇടയന്മാരാണ്.

അവർ ആടുകൾക്കു കാവൽ കിടക്കുകയായിരുന്നു.

രാത്രിയിൽ അവരുടെ തലയ്ക്കു മുകളിൽ
ഒരു വെളിച്ചം!

അവർ പേടിച്ചു മുകളിലേക്കു നോക്കി.
മാനത്ത് ഒരു മാലാഖ!

മാലാഖ അവരോടു പറഞ്ഞു:

ഒരു സന്തോഷവാർത്ത!
ഇന്നു നിങ്ങൾക്കൊരു
രക്ഷകൻ പിറന്നിരിക്കുന്നു,
ദൈവപുത്രനായ ഈശോ.



പെട്ടെന്ന് ഒരുകൂട്ടം മാലാഖമാർ

ആകാശത്തു നിരന്നു.

അവർ പാടി:

അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി

ഭൂമിയിൽ മനുഷ്യർക്കു

സമാധാനവും പ്രത്യാശയും.

ഇടയന്മാർ മലയടിവാരത്തിലേക്ക് ഓടി.
അവർ കാലിത്തൊഴുത്തു കണ്ടു.
പുൽത്തൊട്ടിയിൽ കിടക്കുന്ന ഉണ്ണിയെ കണ്ടു.
ഈശോയുടെ അമ്മയായ മറിയവും
വളർത്തുപിതാവായ യൗസേപ്പും
അവിടെ ഉണ്ടായിരുന്നു. അവരേയും കണ്ടു.

ഇടയന്മാർ ഈശോയെ ആരാധിച്ചു.

ദൈവത്തെ സ്തുതിച്ചു.



വന്നല്ലോ വന്നല്ലോ
ഈശോ വന്നു പിറന്നല്ലോ.
നമ്മെക്കാണാൻ വന്നല്ലോ.
നന്മ വിതയ്ക്കാൻ വന്നല്ലോ.
വന്നല്ലോ വന്നല്ലോ

തെററിപ്പോയ നമ്മുടെയെല്ലാം
തെററുതിരുത്താൻ വന്നല്ലോ.
കൂട്ടംവിട്ട നമ്മുടെയിടയിൽ
കൂട്ടായ്മയ്ക്കായ് വന്നല്ലോ.

പാരിൽ മുള്ളു വിതയ്ക്കും നമ്മുടെ
പാപം നീക്കാൻ വന്നല്ലോ.
മണ്ണിൽ ശാന്തി വിതയ്ക്കാനായി
ഉണ്ണിപിറന്നുകഴിഞ്ഞല്ലോ.

# പാഠം 9

## പിറവിത്തിരുനാൾ

ഈശോയുടെ പിറവി
നമ്മൾ ആണ്ടുതോറും കൊണ്ടാടുന്നു.
പിറവിത്തിരുനാളാണു ക്രിസ്തുമസ്.

### പിറവിത്തിരുനാൾ

എത്ര സന്തോഷമുള്ള ദിവസം!
കുട്ടികൾ പുൽക്കൂട് ഉണ്ടാക്കുന്നു.
വർണ്ണക്കടലാസുകൊണ്ട് അലങ്കരിക്കുന്നു.
പുൽക്കൂട്ടിൽ പൊന്നുണ്ണിയുടെ രൂപംവയ്ക്കുന്നു.
ചുററും ക്രിസ്മസ് കാർഡുകൾ നിരത്തുന്നു.
കളിമണ്ണുകൊണ്ടുണ്ടാക്കിയ ആടുമാടുകളെ
വയ്ക്കുന്നു.



## ക്രിസ്മസ് ദിവസം

ആനന്ദത്തിന്റെ ദിവസം
എങ്ങും പ്രകാശം
ഭൂമിയിൽ നക്ഷത്രവിളക്കുകൾ
എവിടെയും കൊട്ടും പാട്ടും
വെടിയും പടക്കവും.

## ക്രിസ്മസ് രാത്രി

കുട്ടികൾക്ക് ഉറക്കമില്ല.
എല്ലാവർക്കും പള്ളിയിൽ പോകണം;
പാതിരാക്കുർബാനയുണ്ട്.

കുർബാന തുടങ്ങുന്നു.

വൈദികൻ ചൊല്ലുന്നു:

അത്യുന്നതങ്ങളിൽ
ദൈവത്തിനു സ്തുതി
ഭൂമിയിൽ മനുഷ്യർക്കു
സമാധാനവും പ്രത്യാശയും
എപ്പോഴും എന്നേക്കും.

ഈശോ പിറന്ന ദിവസം മാലാഖമാർ
പാടിയ പാട്ടാണ് അത്.
എല്ലാവരും അത് ഏററുപാടുന്നു.

അത്യുന്നതമാം സ്വർല്ലോകത്തിൽ
സർവ്വേശനു സ്തുതിഗീതം
ഭൂമിയിലെന്നും മർത്ത്യനു ശാന്തി
പ്രത്യാശയുമെന്നേക്കും.



പള്ളിയിലുള്ള എല്ലാവരും ചേർന്നു
ദൈവത്തെ സ്തുതിക്കുന്നു.
രക്ഷകനായ ഈശോയെ തന്ന
ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ട്
സ്വർഗ്ഗസ്ഥനായ പിതാവിനെ
സ്തുതിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ നാമം പൂജിതമാകണമേ.
അങ്ങയുടെ രാജ്യം വരണമേ.
അങ്ങു പരിശുദ്ധൻ പരിശുദ്ധൻ.
പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
അങ്ങയുടെ സ്തുതിയുടെ മഹത്ത്വത്താൽ
സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു.
മാലാഖമാരും മനുഷ്യരും
അങ്ങു പരിശുദ്ധൻ പരിശുദ്ധൻ
പരിശുദ്ധൻ
എന്ന് ഉദ്ഘോഷിക്കുന്നു.

പിതാവായ ദൈവം കനിഞ്ഞു
നമുക്ക് ഈശോയെ തന്നു.
നമുക്കു പ്രാർത്ഥിക്കാം.
ഈശോ നമ്മോടുകൂടെ

അന്നാപ്പെസഹാത്തിരുനാളിൽ
കർത്താവരുളിയ കല്പനപോൽ
തിരുനാമത്തിൽച്ചേർന്നീടാം
ഒരുമയോടീബലിയർപ്പിക്കാം.

അനുരഞ്ജിതരായ്ത്തീർന്നീടാം
നവമൊരു പീഠമൊരുക്കീടാം
ഗുരുവിൻ സ്നേഹമോടീയാഗം
തിരുമുമ്പാകെയണച്ചീടാം.

# പാഠം 9-അഭ്യാസം

പൂരിപ്പിക്കുക



എല്ലാവരും .......... പ്രതീക്ഷിച്ചു.



....... പിറന്നു



മാലാഖ പറഞ്ഞു:

നിങ്ങൾക്ക് ഒരു .......

പിറന്നിരിക്കുന്നു.

മാലാഖമാർ പാടി:

അത്യുന്നതങ്ങളിൽ ദൈവത്തിനു ...........

മനുഷ്യർക്കു ...........

മാതൃകനോക്കി അതുപോലെ പൂരിപ്പിക്കുക.

മാതൃക

| | |
|---|---|
| ക്രിസ്മസ് കൊണ്ടാടുന്നു. | ക്രിസ്മസ് കൊണ്ടാടും. |

| | |
|---|---|
| പുൽക്കൂട് ഉണ്ടാക്കുന്നു. | പുൽക്കൂട് ........ |
| ഈശോയുടെ രൂപം വയ്ക്കുന്നു. | ഈശോയുടെ രൂപം ........... |
| പള്ളിയിൽ ........... | പള്ളിയിൽ പോകും. |
| ദൈവത്തെ ........... | ദൈവത്തെ സ്തുതിക്കും. |

ഈശോ പിറന്ന ദിവസം മാലാഖാമാർ
പാടിയ പാട്ട് ഏത്?

വിട്ടുപോയ വാക്ക് ചേർത്തു പറയുക:

ആണ്ടുതോറും നമ്മൾ ........ കൊണ്ടാടുന്നു.
പിതാവായ ........ നമുക്ക് ഈശോയെ തന്നു.
ഈശോ പിറന്ന സ്ഥലത്തിന്റെ പേര് ........
ഇന്നു നിങ്ങൾക്ക് ഒരു ........ പിറന്നിരിക്കുന്നു.
........... ദൈവപുത്രൻ.
ഇടയന്മാർ ഈശോയെ ........

''വന്നല്ലോ വന്നല്ലോ'' എന്നുതുടങ്ങി
''കൂട്ടായ്മയ്ക്കായി വന്നല്ലൊ'' എന്നുവരെയുള്ള
പാട്ടു പാടുക.

## പാഠം 10

# കിഴക്കുനിന്നു മൂന്നുപേർ

ഈശോ ജനിച്ച ദിവസം!

അന്ന് ആകാശത്തിൽ ഒരു പുതിയ

നക്ഷത്രം ഉദിച്ചു.



മൂന്നു വിജ്ഞാനികൾ അതു കണ്ടു.
അവർ തമ്മിൽ പറഞ്ഞു:

എവിടെയോ ഒരു രാജകുമാരൻ പിറന്നിരിക്കുന്നു. ഈ നക്ഷത്രം ഉദിക്കാൻ കാരണം അതാണ്. നമുക്കു വേഗം ഒരുങ്ങി പോകാം; രാജകുമാരനെ അന്വേഷിക്കാം. അവർ യാത്ര തുടങ്ങി. നക്ഷത്രമായിരുന്നു അവർക്കു വഴികാട്ടി.

## അവർ ബേത്ലഹത്ത് എത്തി.

മേലോട്ടുനോക്കിയപ്പോൾ ഒരു കാലിത്തൊഴുത്തിനു മുകളിൽ നക്ഷത്രം നില്ക്കുന്നു. അവർ കാലിത്തൊഴുത്തിൽ ചെന്നു. മറിയവും യൗസേപ്പും അവിടെ നില്ക്കുന്നു. പുൽത്തൊട്ടിയിൽ ഉണ്ണി കിടക്കുന്നു.



### അവർ കണ്ടു:

രാജകുമാരനെ—രാജാക്കന്മാരുടെ രാജാവിനെ.

### അവർ ആരാധിച്ചു:

ഈശോയെ—ദൈവം അയച്ച രക്ഷകനെ.

വിജ്ഞാനികൾ പൊന്നും മീറയും കുന്തുരുക്കവും ദൈവകുമാരന് സമർപ്പിച്ചു.

### അവർ സന്തോഷിച്ചു; ആനന്ദിച്ചു.

ഈശോയെ ഉള്ളിൽ കണ്ടുകൊണ്ടു മടങ്ങിപ്പോയി.

# പാഠം 11

## ഈശോ വളർന്നു

ഗലീലിയാ നാട്. അവിടെയുള്ള ഒരു പട്ടണമാണു നസ്രത്ത്.
നസ്രത്തിലെ ചെറിയവീട്ടിൽ ഈശോ വളർന്നു.
യൗസേപ്പ് ഒരു മരപ്പണിക്കാരനായിരുന്നു.



ഈശോ പിതാവിന്റെ കൂടെ
മരപ്പണിചെയ്തു.
അമ്മയെ അടുക്കളപ്പണിയിൽ
സഹായിച്ചു.

കൂട്ടുകാർക്ക് ഉപകാരം ചെയ്തു.

അവരോടൊത്തു കളിച്ചുനടന്നു.

എല്ലാവരേയും സ്നേഹിച്ചു.

എല്ലാവരേയും സഹായിച്ചു.

അയൽക്കാർക്കു നന്മ ചെയ്തു.



ഈശോ വളർന്നു.

ദൈവത്തിനും മാതാപിതാക്കൾക്കും

കൂട്ടുകാർക്കും അയൽക്കാർക്കും

ഇഷ്ടമുള്ളവനായി വളർന്നു.

# പാഠം 12-അഭ്യാസം

മാതൃകനോക്കി പൂരിപ്പിക്കുക.

---

മാതൃക

നക്ഷത്രം ഉദിച്ചു. നക്ഷത്രം ഉദിക്കുന്നു.

---

വിജ്ഞാനികൾ നക്ഷത്രം കണ്ടു. വിജ്ഞാനികൾ നക്ഷത്രം —........

നക്ഷത്രം വഴികാണിച്ചു. നക്ഷത്രം ...........

വിജ്ഞാനികൾ ഈശോയ്ക്കു കാഴ്ചകൾ സമർപ്പിച്ചു. വിജ്ഞാനികൾ ഈശോയ്ക്കു കാഴ്ചകൾ ...........

ഇന്നലെ ഞാൻ ഈശോയെ ആരാധിച്ചു. ഇപ്പോൾ ഞാൻ ഈശോയെ ...........



........... അമ്മയെ സഹായിക്കുന്നു.



........ യൗസേപ്പിനെ
സഹായിക്കുന്നു.

മാതൃകനോക്കി പൂരിപ്പിക്കുക

---

മാതൃക

ഈശോ അമ്മയുടെ കൂടെ
പണി ചെയ്തു.

ഞാൻ അമ്മയുടെകൂടെ
പണിചെയ്യും

---

ഈശോ
പിതാവിൻെറ കൂടെ
പണി ചെയ്തു.

ഞാൻ
പിതാവിൻെറ കൂടെ
............

ഈശോ കൂട്ടുകാർക്ക്
ഉപകാരം ചെയ്തു.

ഞാൻ കൂട്ടുകാർക്കു
............

ഈശോ എല്ലാവരോടും
നല്ല വാക്കുകൾ
പറഞ്ഞു.

.......... എല്ലാവരോടും
നല്ല വാക്കുകൾ
പറയും.

# പാഠം 13

## ഈശോ തിരുനാൾ കൂടി

ജറൂസലം ദേവാലയം ദൈവത്തിന്റെ ആലയം.
ആണ്ടുതോറും അവിടെ പെസഹാത്തിരുനാൾ കൊണ്ടാടുന്നു.
വലിയ തിരുനാളാണ് പെസഹാത്തിരുനാൾ.

ഒരിക്കൽ ബാലനായ ഈശോ തിരുനാളിനുപോയി
മാതാപിതാക്കളും കൂടെ ഉണ്ടായിരുന്നു.
നസ്രത്തിൽനിന്നു വളരെ അകലെയാണു ജറൂസലം.
രണ്ടുമൂന്നു ദിവസത്തെ യാത്രവേണം അവിടെ ചെല്ലാൻ

ഈശോയും മാതാപിതാക്കളും ജറൂസലത്തെത്തി.
ദൈവത്തെ ആരാധിച്ചു;
ബലിയർപ്പിച്ചു; തിരുനാൾ കൂടി.



തിരുനാൾ കഴിഞ്ഞു മാതാവും യൗസേപ്പുപിതാവും മടങ്ങിപ്പോന്നു.
അവരോടൊപ്പം വലിയ ജനക്കൂട്ടവും ഉണ്ടായിരുന്നു.
ഒരു ദിവസത്തെ യാത്ര കഴിഞ്ഞു.

അവർ ഈശോയെ തിരക്കി.

ഈശോ കൂട്ടത്തിലില്ല! അവർ അമ്പരന്നു.

തിരിച്ചു ജറൂസലത്തേക്കു നടന്നു.

ആളുകൾ കൂടിനില്ക്കുന്നിടത്തൊക്കെ ചെന്ന്

അവർ ഈശോയെ തിരക്കി.

ഒരിടത്ത് ആചാര്യന്മാർ കൂട്ടംകൂടിയിരിക്കുന്നു.
അവർ ജനങ്ങളെ പഠിപ്പിക്കുകയാണ്.
മാതാവും യൗസേപ്പുപിതാവും അവിടെയെത്തി.
അതാ, ഈശോ അവിടെ ഇരിക്കുന്നു!
ആചാര്യന്മാരുടെ ഉപദേശം കേൾക്കുന്നു.
അവരോടു ചോദ്യങ്ങൾ ചോദിക്കുന്നു!

ദൈവകാര്യത്തിൽ നല്ല അറിവ്.
ഒന്നാംതരം ചോദ്യങ്ങൾ.
ആചാര്യന്മാർ ഈശോയുടെ അറിവിലും
മറുപടിയിലും അതിശയിച്ചു.
ഈശോയെ കണ്ടപ്പോൾ മാതാവു ചോദിച്ചു:



എന്റെ മകനേ,
നീ ഞങ്ങളോട് ഇങ്ങനെ
ചെയ്തത് എന്തുകൊണ്ട്?
നിന്നെ ഓർത്ത് ഞങ്ങൾ എത്രയധികം വേദനിച്ചു!

ഈശോ പറഞ്ഞു:
ഞാൻ എന്റെ പിതാവിന്റെ
വീട്ടിൽ ആയിരിക്കണ്ടേ?
ഈശോ അവരുടെ കൂടെ പോയി.

**ഈശോയുടെ പിതാവ് ദൈവമാണ്.**
**ദൈവത്തിന്റെ വീടാണ് ദേവാലയം.**



നമ്മുടെ ഇടവകദേവാലയം ദൈവത്തിന്റെ വീടാണ്.

അവിടെ നമ്മൾ ദൈവത്തെ ആരാധിക്കുന്നു.
മാതാപിതാക്കളോടും ചേട്ടനോടും ചേച്ചിയോടും
കൂട്ടുകാരോടും നാട്ടുകാരോടുമൊത്ത്
ദൈവത്തെ സ്തുതിക്കുന്നു.

**നമ്മൾ ദൈവാലയത്തിലായിരിക്കുന്നത്**
**എത്രയോ നല്ലത്!**

**മാനത്തേത്തട്ടിൽ തോരണം കെട്ടി**
**താരകൾ നോക്കുന്ന നേരത്ത്**
**പൊന്നൊളി തൂകും നേരത്ത്**
**പൊന്നൂഞ്ഞാൽ കെട്ടും കാലത്ത്**
**അമ്പിളിമാമൻ പുഞ്ചിരിയോടെ**
**വാരൊളിതൂകും നേരത്ത്**
**തിരുനാളുകൂടാൻ അമ്മയോടൊത്ത്**
**ഈശോനാഥനും പോയല്ലൊ;**
**പള്ളിയിൽച്ചെന്നു കുമ്പിട്ടു ദൈവത്തെ**
**കൂട്ടരോടൊത്തു സ്തുതിച്ചല്ലൊ**
**ഈശോനാഥൻ സ്തുതിച്ചല്ലൊ**
**ദൈവത്തെ വാഴ്ത്തി സ്തുതിച്ചല്ലൊ.**

# പാഠം 14-അഭ്യാസം

വിട്ടുപോയ പദം ചേർത്തു പൂരിപ്പിക്കുക.
(പെസഹാ, ജറൂസലം, പിതാവ്, ദേവാലയം.)

........... ദേവാലയം
........... തിരുനാൾ
ഈശോയുടെ ........... ദൈവം
ദൈവത്തിൻെറ വീട് ...........

ഈശോ എന്ന പദംചേർത്തു പൂരിപ്പിക്കുക.

........... ദേവാലയത്തിൽ ചെന്നു.
........... ഉപദേശം കേട്ടു.
........... ചോദ്യങ്ങൾ ചോദിച്ചു.
........... മറുപടി പറഞ്ഞു.

പൂരിപ്പിക്കുക.

മാതൃക:

| | |
|---|---|
| ഈശോ ആരോടും വഴക്കു കൂടിയില്ല. | ഞാൻ ആരോടും വഴക്കു കൂടുകയില്ല. |
| ഈശോ അയൽക്കാർക്കു നന്മചെയ്തു. | .... അയൽക്കാർക്കു ........ |
| ഈശോ മാതാപിതാക്കൾക്ക് ഇഷ്ടമുള്ളവനായി വളർന്നു. | .... മാതാപിതാക്കൾക്ക് ഇഷ്ടമുള്ളവനായി ........... |
| ഈശോ ദൈവത്തിന് ഇഷ്ടമുള്ളവനായി വളർന്നു. | .... ദൈവത്തിന് ഇഷ്ടമുള്ളവനായി .... |

## കുരിശടയാളം

പിതാവിൻേറയും പുത്രൻേറയും ✠ പരിശുദ്ധാത്മാവിൻേറയും നാമത്തിൽ ആമ്മേൻ.

## 2. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ: അങ്ങയുടെ തിരുമനസ്സ് സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ: ഞങ്ങളോടു തെററുചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ.

## 3. നന്മനിറഞ്ഞ മറിയം

നന്മനിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ: സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു; അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധ മറിയമേ തമ്പുരാൻെറ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട് അപേക്ഷിക്കണമേ. ആമ്മേൻ.

## 4. ത്രിത്വസ്തുതി

പിതാവിനും പുത്രനും ✠ പരിശുദ്ധാത്മാവിനും സ്തുതി; ആദിയിലെപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും ആമ്മേൻ.

## 5. ത്രികാലജപം

കർത്താവിൻെറ മാലാഖ പരിശുദ്ധ മറിയത്തോടു വചിച്ചു; പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1 നന്മ.

ഇതാ കർത്താവിൻെറ ദാസി! നിൻെറ വചനംപോലെ എന്നിലാകട്ടെ. 1 നന്മ.

വചനം മാംസമായി; നമ്മുടെയിടയിൽ വസിച്ചു. 1നന്മ.

ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ.

സർവ്വേശ്വരൻെറ പരിശുദ്ധമാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.

പ്രാർത്ഥിക്കാം:

സർവ്വേശ്വരാ, മാലാഖായുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിൻെറ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങളുടെ കർത്താവായ ഈശോമിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.



PUBLISHED BY:
INTER-DIOCESAN COMMISSION FOR CATECHESIS
P.S.C., PALAI-686 575

# ദൈവമേ സ്തുതി



ദൈവം നമ്മോടുകൂടെ

Indic Digital Archive Foundation
gpura.org